എല്ലാ ജില്ലകളിലും ലീഡ് സ്കൂളുകൾ ആരംഭിക്കുവാൻ നടപടി

*2 [465] ശ്രീ. തോമസ് ചാഴികാടൻ:

" കെ. നാരായണക്കുറുപ്പ്:

" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും ലീഡ് സ്കൂളുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ സ്കൂളുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്നറിയിക്കുമോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി, ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ,

(എ) ഉണ്ട്.

(ബി) ലീഡ് സ്കൂളുകൾ സ്ഥാപിക്കുക വഴി ജില്ലയിൽ ഒരു മാതൃക വിദ്യാലയത്തിന് രൂപം നൽകുക എന്നാണ് ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥികളുടെ കഴിവിന്റെ സമഗ്രമായ വികസനത്തിനുതകുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, അക്കാഡമിക് പ്രവർത്തന രംഗത്തുള്ള നൂതന ശൈലികൾ, മറ്റു പാഠ്യേതര പ്രവർത്തനങ്ങളിലുള്ള പുതിയ പ്രവണതകൾ എല്ലാം കോർത്തിണക്കിയ ഒരു വിദ്യാഭ്യാസ സ്ഥാപനമായിട്ടാണ് ലീഡ് സ്കൂൾ വിഭാവനം ചെയ്തിരിക്കുന്നത്. ഈ സ്കൂളിൽ രൂപപ്പെടുത്തുന്ന പുതിയ രീതികൾ, പ്രവണതകൾ ഒക്കെത്തന്നെ ജില്ലയിലെ മറ്റ് സ്കൂളുകളിലേയക്ക് പ്രസരിക്കുകവഴി ഗുണപരമായ മുന്നേറ്റം വിദ്യാഭ്യാസ മേഖലയിൽ സാദ്ധ്യമാകുമെന്ന് കരുതുന്നു.

(സി) ആവശ്യത്തിനുള്ള ക്ളാസ്സുമുറികൾ, ലാബ് സൗകര്യം, ലൈബ്രറി സൗകര്യം, കമ്പ്യൂട്ടർ, കളി സ്ഥലം, കരിയർ ഗൈഡൻസ് കോർണർ, റീഡിംഗ് റൂം എന്നിങ്ങനെയുള്ള പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്കുതകുന്ന സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഈ വർഷം തന്നെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. തോമസ് ചാഴികാടൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അറിയിച്ച ലീഡ് സ്കൂൾ എന്നു പറയുന്നത് ഒരു മാതൃകാ വിദ്യാലയം എന്ന നിലയിൽ ഓരോ ജില്ലയിലും ഓരോ സ്കൂൾ തെരഞ്ഞെടുക്കുക എന്നതാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്ന് അറിയിക്കുകയുണ്ടായി. അത് വളരെ നല്ല കാര്യമാണ്. കുട്ടികളുടെ സമഗ്രമായ വ്യക്തിത്വ വികാസത്തിന് പാഠ്യേതര വിഷയങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സംവിധാനം വളരെ അത്യാവശ്യമാണ്. അങ്ങനെയുള്ള സ്കൂൾ തെരഞ്ഞെടുക്കുമ്പോൾ അതിനുള്ള മാനദണ്ഡമെന്താണ്, തെരഞ്ഞെടുക്കുന്നതിനുള്ള രീതി എന്താണ് അങ്ങനെ തെരഞ്ഞെടുക്കുമ്പോൾ സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിൽ എം.എൽ..എ.മാരുടെ അഭിപ്രായം കൂടി പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ലീഡ് സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം, ഈ സ്കൂളിലെ ഭൗതീക സൗകര്യങ്ങൾ, അതോടൊപ്പം സ്കൂളിലെ എസ്.എസ്.എൽ.സി. വിജയ ശതമാനം, ഇതൊക്കെ പ്രധാനമായും പരിഗണിക്കുന്നതാണ്. 3 ഏക്കർ സ്ഥലമുണ്ടായിരിക്കണം. 50 ശതമാനത്തിലധികം പരീക്ഷാവിജയമുണ്ടായ സ്കൂളുകളായിരിക്കണം. ഒരു ഡിസ്ട്രിക്ട് ഹെഡ് —അതായത് വിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ നിർദ്ദേശങ്ങൾ സ്കൂൾ തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ഒരു സ്കൂൾ ഏറ്റവും നല്ല സ്കൂൾ എന്നുള്ള നിലയിൽ തെരഞ്ഞെടുക്കുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഇതൊക്കെയാണ്.

ശ്രീ. തോമസ് ചാഴികാടൻ: സർ, കേന്ദ്ര ഗവൺമെന്റിന്റെ നവോദയാ വിദ്യാലയങ്ങൾ ഇൻഡ്യയിൽ എല്ലാ ജില്ലയിലുമായി ഓരോന്ന് ഇപ്പോൾ നടക്കുന്നുണ്ട്. നവോദയാ വിദ്യാലയത്തിലേയ്ക്ക് അഡ്മിഷൻ കൊടുക്കുന്നതിന് പ്രത്യേക ടെസ്റ്റുണ്ട്. അർബൻ ഏരിയ ആയാലും റൂറൽ ഏരിയ ആയാലും പ്രത്യേക കാറ്റഗറിയുണ്ട്. ആറാം ക്ളാസ്സിലേയ്ക്കാണ് അഡ്മിഷൻ നടത്തുന്നത്. അത് റസിഡൻഷ്യൽ കോഴ്സാണ്. അവിടെ പോകുന്ന കുട്ടികൾക്ക് പ്രത്യേകമായ പഠനരീതികളുണ്ട്. രാവിലെ അഞ്ചര മണി മുതൽ ആറു മണിവരെ ഫിസിക്കൽ ക്ളാസ്. 7 മണിക്ക് അസംബ്ളി. അതുകഴിഞ്ഞ് ഒരു മണിക്കൂർ ബ്രേക്ഫാസ്റ്റിന്. 8 മണി മുതൽ 1 മണിവരെ ക്ളാസ്. ആ കുട്ടികളുടെ സമഗ്രമായ വിദ്യാഭ്യാസ വികസന പരിപാടികൾ ആവിഷ്ക്കരിച്ചുകൊണ്ട് നടപ്പാക്കുകയാണ്. അതോടൊപ്പംതന്നെ ആ സ്കൂളിൽ അദ്ധ്യാപകർ കുട്ടികൾക്കൊപ്പം താമസിച്ച് അവർക്ക് വേണ്ട പരിശീലനവും ഗൈഡൻസും നൽകുന്നുണ്ട്. ആ നിലയിൽ കേരള സംസ്ഥാനത്ത് പ്രത്യേക പദ്ധതി എന്നനിലയിൽ ഓരോ ജില്ലയിലും ഓരോ ലീഡ് സ്കൂൾ അനുവദിച്ച്, അഡ്മിഷൻ നൽകി ഓരോ ബാച്ചിനും പ്രത്യേക പരിശീലനം നൽകി പുറത്തിറക്കുവാൻ സംവിധാനമുണ്ടാക്കുമോ?

ശ്രീ. എം .എം. ഹസ്സൻ: ഇപ്പോൾ നിലവിലുള്ളതിനെക്കാളും മെച്ചപ്പെട്ട രീതിയിൽ അധ്യയനം നൽകുന്നുണ്ട്. അദ്ധ്യാപകർക്ക് ഇപ്പോഴുള്ളതിനെക്കാളും കൂടുതൽ knowledge update ചെയ്യുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ എൻ.സി.ഇ.ആർ.ടി.-യിലൊക്കെ ട്രെയിനിംഗ് നൽകി

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുടെ വ്യക്തിത്വം സമഗ്രമായി വികസിപ്പിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തും. നവോദയ സ്കൂളിലേതുപോലെ വിദ്യാർത്ഥികളെ താമസിച്ച് പഠിപ്പിക്കുക എന്നത് ഇപ്പോൾ വിഭാവന ചെയ്തിട്ടില്ലെങ്കിലും കുട്ടികളുടെ എല്ലാതരത്തിലുള്ള അഭിരുചിയും കഴിവും വളർത്താൻ അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകുവാനുള്ള പദ്ധതി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ലീഡ് സ്കൂളിന്റെ പ്രത്യേകതയെപ്പറ്റി ഇവിടെ പറഞ്ഞു. അതിൽ എന്തെല്ലാം കാര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ; മാത്രമല്ല ഗ്രാമങ്ങളിലുള്ള പല സ്കൂളുകളിലും cluster ചെയ്ത് ഭൗതിക സൗകര്യങ്ങൾ എല്ലാപേർക്കും ഉപകരിക്കത്തക്കരീതിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള ഫണ്ടുതന്നെ അതിന് വിനിയോഗിക്കുവാൻ സാധിക്കും. ഈ സ്കൂളുകൾ വളരെ മികവുള്ള സ്കൂളുകളായി അധ്യയനനിലവാരം മെച്ചപ്പെടുത്തുകവഴി മറ്റ് സ്കൂളുകൾക്കുകൂടി ഇത് മാതൃകയായിത്തീരും. അതുകൊണ്ടാണ് ലീഡ് സ്കൂൾ എന്ന പേരിട്ടിരിക്കുന്നത്. ആ രൂപത്തിലുള്ള പരിശീലനം കുട്ടികൾക്ക് കൊടുക്കുക. ഇവിടെ നേരത്തെ ചോദിച്ച ചോദ്യത്തിന്റെ ഉത്തരത്തിൽ എന്തൊക്കെയാണ് കുട്ടികൾക്ക് വിഭാവന ചെയ്തിട്ടുള്ളതെന്നുപറഞ്ഞു. കുട്ടികളുടെ പൂർണ്ണമായ വ്യക്തിത്വം വികസിപ്പിക്കുന്നതിന് പ്രത്യേകമായ ലൈബ്രറി സൗകര്യവും ലാബ് സൗകര്യവും മറ്റുതരത്തിൽ അവർക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഇതൊരു മാതൃകാ സ്കൂളായി പ്രവർത്തിച്ച് ഇത് വിജയിക്കുന്നതിലൂടെ ഇതിന്റെ പ്രവർത്തനസംവിധാനം കേരളത്തിൽ മറ്റ് സ്കൂളുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുക എന്നതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. നാരായണക്കുറുപ്പ്: ലീഡ് സ്കൂൾ ഒരു ജില്ലയിൽ ഒന്നോ രണ്ടോ ഉണ്ടാകുമായിരിക്കും. ഒരു പ്രത്യേക കാലാവധിക്കുള്ളിൽ ജില്ലകളിലെ എല്ലാ സ്കൂളുകളേയും ഈ നിലയിൽ കൊണ്ടുവരാൻ ഏർപ്പാട് ചെയ്യുമോ?

ശ്രീ. എം. എം. ഹസ്സൻ: ഇപ്പോൾ റവന്യൂ ജില്ലയിൽ ഒന്ന് എന്നുള്ള നിലയിൽ ആഗസ്റ്റ് മാസം അവസാനത്തോടുകൂടി ഈ സ്കൂളുകൾ സെലക്ട് ചെയ്ത് സെപ്റ്റംബർ മാസത്തിൽ ഇതിന്റെ പ്രവർത്തനം നടത്തുക എന്നതാണ്. ഇതിന്റെ വിജയം പരിശോധിച്ചശേഷം, മോണിറ്റർ ചെയ്തശേഷം അടുത്തഘട്ടമായിട്ട് സബ് ജില്ലയിലേയ്ക്ക് ഇത് കൊണ്ടുവരുക എന്നതാണ്. ഇതാണ് ഇപ്പോൾ ഗവൺമെന്റ് രണ്ടാം ഘട്ടമായിട്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജില്ലയിൽ ഒരു മാതൃകാ വിദ്യാലയം എന്ന നിലയിലാണ് ലീഡ് സ്കൂളുകൾ സ്ഥാപിക്കുക എന്ന് മന്ത്രി മറുപടി പറയുകയുണ്ടായി. വിദ്യാർത്ഥികളുടെ കഴിവുകൾക്കും സമഗ്രമായ വികസനത്തിനും ഉതകുന്ന അടിസ്ഥാന സൗകര്യവും അക്കാഡമിക് പ്രവർത്തന രംഗത്തുള്ള നൂതന

LIBRARY ARCHIVES Kerala Legislative Assembly

ശൈലിയും പാഠ്യരംഗത്തുള്ള പുതിയ പ്രവർത്തനവുമെല്ലാം കോർത്തിണക്കിയാണ് ഈ സ്കൂൾ വിഭാവന ചെയ്തിട്ടുള്ളത്. അങ്ങനെയെങ്കിൽ അക്കാഡമിക് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ശൈലിയെന്തെന്ന് സൂചിപ്പിക്കുന്നതിനുമുമ്പ് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ മാറ്റംവരുത്തുന്നതിന് ആവശ്യമായ നിലപാട് സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: ഇപ്പോൾ ഇതിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ്—ഫിസിക്കലായിട്ടുള്ള ഭൗതിക സൗകര്യങ്ങളും വികസനവുമൊക്കെയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതിനെക്കുറിച്ചോ നിലവിലുള്ളതിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ചോ ഇപ്പോൾ ആലോചിക്കുന്നില്ല.

ശ്രീ. റോഷി അഗസ്റ്റിൻ: ലീഡ് സ്കൂൾ സ്ഥാപിക്കുകവഴി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടിവരും. അങ്ങനെ വരുന്ന സാഹചര്യത്തിൽ സ്കൂൾ പ്രവർത്തനം സജ്ജമാക്കുന്നതിന് എന്ത് എക്സ്പെൻസ് വരുമെന്നാണ് ഗവൺമെന്റ് വിലയിരുത്തുന്നത്?

ശ്രീ. എം. എം. ഹസ്സൻ: ഇതിൽവരുന്ന ചെലവുകൾക്ക് ഇപ്പോൾത്തന്നെ ലഭ്യമായ ഫണ്ടുണ്ട്. എസ്.എസ്.എ. ഫണ്ടുണ്ട്, ലോക്കൽസെൽഫ് ഗവൺമെന്റിന് നൽകിയിട്ടുള്ള ഫണ്ടുണ്ട്. ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനാണെങ്കിൽ എം.എൽ.എ.-മാരുടേയും എം.പി.-മാരുടേയും പ്രാദേശിക വികസന ഫണ്ടുണ്ട്. ഇതൊക്കെ പ്രയോജനപ്പെടുത്താൻ സാധിക്കും. തസ്തിക ആവശ്യം വരില്ല. അദ്ധ്യാപകർക്ക് കൂടുതൽ കൂടുതൽ മെച്ചപ്പെട്ട ട്രെയിനിംഗ് കൊടുക്കാനും ഇവരുടെ knowledge update ചെയ്ത് പുതിയ അറിവുകളുമായി കുട്ടികളെ പരിശീലിപ്പിക്കുവാനും സൗകര്യമുണ്ട്. എന്തെങ്കിലും തരത്തിലുള്ള ചെലവുകൾ ഇതിന്റെ അക്കാഡമിക് നിലവാരം ഉയർത്തുന്നതിനോ അല്ലെങ്കിൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോ ആവശ്യം വരുകയാണെങ്കിൽ അതിന് പി.ടി.എ. ഫണ്ടും മറ്റുമൊക്കെ വിനിയോഗിക്കുവാനുള്ള permissive സാംഗ്ഷൻ കൊടുക്കുന്നതിന് ഗവൺമെന്റ് ഒരുക്കമാണെന്ന് അറിയിക്കുകയാണ്.

ശ്രീ. മത്തായി ചാക്കോ: സർ, ലീഡ് സ്കൂൾ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് ഗവൺമെന്റ് മോഡൽ ഹൈസ്കൂളുകളുണ്ടായിരുന്നു. ആ മോഡൽ ഹൈസ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തിക്കൊണ്ടാണ് പുതിയ ലീഡ് സ്കൂൾ പദ്ധതി ആരംഭിച്ചത്. തമിഴ്നാട് കുംഭകോണം സംഭവത്തിന്റെ പശ്ചാത്തലത്തിൽ ഓല മേഞ്ഞ സ്കൂളുകൾ പരിഷ്കരിക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. ആ അടിസ്ഥാനത്തിൽ ലീഡ് സ്കൂൾ പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായി അത്തരം സ്കൂളുകളിൽ പരിഷ്കരണ പ്രവർത്തനം നടത്തുന്നതിനും ഓലഷെഡ്ഡുകൾ മാറ്റുന്നതിനുമുള്ള പ്രായോഗിക നടപടി ഗവൺമെന്റ് ഇതിനകം സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: മുമ്പുണ്ടായിരുന്ന മോഡൽ സ്കൂളുകൾ, മാതൃകാ സ്കൂളുകൾ അതിന്റെ മിനിമം ഫെസിലിറ്റീസ് നോക്കിയാണ് മോഡൽ സ്കൂളാക്കി മാറ്റിയത്. Academic concentration അന്ന് കാര്യമായിട്ട് നൽകിയിരുന്നില്ല. ഇപ്പോൾ ലീഡ് സ്കൂളിലുമില്ല. ഇത് രണ്ടും സമന്വയിപ്പിച്ചുകൊണ്ടുള്ള പദ്ധതിയാണ്. ഇതിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന രീതിയുണ്ടാകും അതോടൊപ്പംതന്നെ ഏറ്റവും മുൻഗണന academic concentration-ന് കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ലീഡ് സ്കൂളുമായി ബന്ധപ്പെട്ടതല്ലാതെ പൊതുവായ ഒരു കാര്യമാണ് ചോദിച്ചത്. കുംഭകോണ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സ്കൂളുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ വളരെ അടിയന്തിരമായ നിർദ്ദേശം മുഖ്യമന്ത്രി നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ചർച്ച ആരംഭിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, വെള്ളിയാഴ്ച ദിവസം ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിയുടെ ദിവസമാണ്. അദ്ദേഹം ഒഫിഷ്യേറ്റുചെയ്ത് ഉത്തരം പറയുന്ന രീതിയിൽ മാറിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ പെർഫോമൻസ് നല്ലതാണ്. എനിക്ക് ചോദിക്കുവാനുള്ളത്, ലീഡ് സ്കൂൾ പദ്ധതിക്ക് ഗവൺമെന്റ് സ്കൂൾ മാത്രമേ തെരഞ്ഞെടുക്കുകയുള്ളോ; എയ്ഡഡ് മേഖലയിലും ഈ പദ്ധതി ഉൾപ്പെടുത്തുന്നുണ്ടോ; അങ്ങനെയാണെങ്കിൽ സംസ്ഥാനത്ത് ആരംഭിക്കുന്ന ഗവൺമെന്റ് സ്കൂളിനും എയ്ഡഡ് സ്കൂളിനും പ്രത്യേകമായ ഫണ്ട് മാറ്റിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ഇപ്പോൾ ഗവൺമെന്റ് സ്കൂളുകളാണ് തെരഞ്ഞെടുക്കുന്നത്. അതേ സമയം ഫണ്ടിന്റെ അപര്യാപ്തത ഉണ്ടാവുകയില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുള്ള ഫണ്ടുകൾ ഇതിന് പ്രയോജനപ്പെടുത്താൻ സാധിക്കും. ബഹുമാനപ്പെട്ട മത്തായി ചാക്കോ നേരത്തെ ചോദിച്ചതിന് എനിക്ക് പറയുവാനുള്ളത്, ഈ വർഷം 312 ഓലഷെഡ്ഡുകൾ റീപ്ലേസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: എയ്ഡഡ് സ്കൂളുകളിൽ ഇത് ആരംഭിക്കുന്നതിനെ സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫ് ഇവിടെ സൂചിപ്പിച്ചു. അൺഎയ്ഡഡ് സ്കൂളുകളിൽ ലീഡ് സ്കൂൾ ആരംഭിക്കുക എന്ന പരിഷ്ക്കാരത്തിലേയ്ക്കാണല്ലോ ഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുന്നത്. രാജ്യത്തിന് മുന്നിൽ കേരളത്തിന്റെ വിദ്യാഭ്യാസനേട്ടം ചൂണ്ടിക്കാണിക്കുന്ന തിരുവനന്തപുരത്ത് കഴക്കൂട്ടത്ത് ഏതാണ്ട് രണ്ടുലക്ഷം രൂപ പ്രവേശനഫീസ് കൊടുക്കുന്ന പഞ്ചനക്ഷത്ര സ്കൂളുണ്ട്. ഇന്ന് ഒരു കുട്ടി ആത്മഹത്യ ചെയ്ത ദുരന്തവാർത്തയാണ് നമ്മളെല്ലാപേരും കേൾക്കുന്നത്. ഒരു കച്ചവടത്തിന്റെ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസം ലാഭാടിസ്ഥാനത്തിൽ കൈകാര്യം ചെയ്തുകൊണ്ട്, അതിന് ഒത്താശ ചെയ്തുകൊടുക്കുന്നതിലൂടെ പാവപ്പെട്ട സാധാരണ കുട്ടികൾക്ക് എങ്ങനെയാണ് ഇത്തരം വിദ്യാലയങ്ങളിൽ പ്രവേശനം കൊടുക്കുന്നത്. അവരുടെ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ കഴിയുമോയെന്നത് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: ലീഡ് സ്കൂളിനെ സംബന്ധിച്ചിടത്തോളം ഇതിനു ഗവൺമെന്റ് സ്കൂളുകൾ മാത്രമാണ് തെരഞ്ഞെടുക്കുന്നതെന്ന് ഞാൻ വ്യക്തമാക്കിക്കഴിഞ്ഞു. പാവപ്പെട്ട കുട്ടികൾക്ക് നൽകുന്നതിനാണ് ഗവൺമെന്റ് മുൻഗണന നൽകിയിട്ടുള്ളത്. കാരണം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് ഈ വർഷം അപ്പുറത്തും ഇപ്പുറത്തുമുള്ള മെമ്പർമാർ സംതൃപ്തി പ്രകടിപ്പിച്ച കാര്യമാണ്. ഇരുന്നൂറിലധികം ഗവൺമെന്റ് സ്കൂളുകളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുവാനുള്ള ഗവൺമെന്റ് തീരുമാനലക്ഷ്യം മുൻനിർത്തിയുള്ളതാണ്. കഴക്കൂട്ടത്ത് ആരംഭിച്ചിട്ടുള്ള ഇന്റർ നാഷണൽ സ്കൂളുകൾപോലുള്ളവ കേരളത്തിൽ സ്വകാര്യമേഖലയിലും സ്വാശ്രയ മേഖലയിലും പല വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അത് afford ചെയ്യാൻപറ്റുന്നവർ മാത്രമേ അവിടെ പഠിക്കുകയുള്ളൂ. ചില യാഥാർത്ഥ്യങ്ങൾ വിസ്മരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സംസാരിച്ചത്. പ്രീപ്രൈമറി ക്ലാസ്സുകളിൽ അഡ്മിഷൻ വാങ്ങാൻ രണ്ടായിരം അയ്യായിരം രൂപ ഫീസ് കൊടുക്കുന്ന സംസ്കാനമാണ്. ഇതു താങ്ങാൻ പറ്റുന്നവർ മാത്രമേ പഠിപ്പിക്കുകയുള്ളൂ. സാധാരണക്കാർക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുനൽകുന്ന ഈ ഗവൺമെന്റ് കർശനമായ നിലപാട് സ്വീകരിക്കുമ്പോഴും നിരന്തരം ഗവൺമെന്റിന്റെ നിലപാടിനേയും സദുദ്ദേശത്തേയും നിങ്ങൾ വിമർശിക്കുന്നത് വളരെ നിർഭാഗ്യകരമാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, 14 ജില്ലകളിലും ജില്ലാ ഹെഡ്ക്വാർട്ടേഴ്സുകളിൽ ലീഡ് സ്കൂൾ ആരംഭിക്കുമെന്നും അതു ഗവൺമെന്റ് മേഖലയിലായിരിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ആഗസ്റ്റിൽ ആരംഭിക്കത്തക്കവണ്ണമാണ് നടപടികൾ നീങ്ങുന്നതെന്നു പറഞ്ഞു. ഇതിനെ സംബന്ധിച്ച് സെലക്ഷൻ കഴിഞ്ഞിട്ടുണ്ടോ, ഉണ്ടെങ്കിൽ ഓരോ ജില്ലകളിലും ഏതൊക്കെയാണ് ആ സ്ക്കൂളുകൾ എന്ന് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, അതിന്റെ പ്രോസസ് നടന്നുകൊണ്ടിരിക്കുകയാണ്. ലീഡ് സ്കൂളുകളുടെ ഒരു പ്രത്യേകത, അവിടെ ഹൈസ്ക്കൂളുകൾ, ഹയർ സെക്കൻഡറി സ്കൂളുകൾ, വി.എച്ച്.എസ്.എസ്. എന്നിവ ഉണ്ടായിരിക്കണം. ഇതിന്റെ നേരിട്ടുള്ള നിയന്ത്രണം ഡി.പി.ഐ., ഡയറക്ടർ (ഹയർ സെക്കൻഡറി), ഡയറക്ടർ ഓഫ് വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻഎന്നിവരാണ്. ഇതിന്റെ സെലക്ഷൻ പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മുഴുവൻ സ്ക്കൂളുകളുടേയും ലിസ്റ്റ് ലഭ്യമായിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)